# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 30, വ്യാഴം

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

53 (*631) ഖാദി മേഖലയിലെ നേട്ടങ്ങൾ

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഗവൺമെന്റിന്റെ കാര്യക്ഷമമായ നടപടികളിലൂടെ ഖാദി ഉത്പന്നങ്ങളുടെ ഉൽപ്പാദനവും വിൽപ്പനയും യഥാക്രമം 46.15 കോടി രൂപയായും 112.17 കോടി രൂപയായും വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നും ഇൻകം സപ്പോർട്ട് സ്കീമിൽപെടുത്തി വേതനം വർദ്ധിപ്പിച്ചതിലൂടെ 3000-ത്തോളം തൊഴിലാളികളെ ഖാദി മേഖലയിലേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഖാദി മേഖലയിൽ

റിബേറ്റിനത്തിൽ കഴിഞ്ഞ നാല് വർഷത്തിനകം 46.77 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതമുപയോഗിച്ച് പുതിയ വർക്ക് ഷെഡ്ഡുകൾ നിർമ്മിച്ച് ചർക്കകളും തറിയും റെഡിമെയ്ഡ് പാവ് നിർമ്മാണ യൂണിറ്റും സ്ഥാപിക്കുകയും ഖാദി സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റ് അനുവദിക്കുകയും ഏറ്റുകുടുക്ക പരുത്തി സംസ്കരണ യൂണിറ്റിന്റെ വിപുലീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. പി. ഗോപിനാഥൻ നായർ അദ്ധ്യക്ഷനായ സമിതിയുടെ നിർദ്ദേശപ്രകാരമുള്ള ആധുനികവൽക്കരണ നടപടികൾ പുരോഗമിച്ചുവരികയാണ്. ഖാദി തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി തൊഴിലാളികളെ ഇ.എസ്.ഐ. പരിധിയിൽ ഉൾപ്പെടുത്തൽ; ഉല്പാദന ഇൻസെന്റീവ് അനുവദിക്കൽ; ഫെസ്റ്റിവൽ അലവൻസ് വർദ്ധിപ്പിക്കൽ; മിനിമം വേതനം നടപ്പിലാക്കൽ; ഖാദി ഉത്പ്പാദന യൂണിറ്റുകളും ക്ലസ്റ്റർ യൂണിറ്റുകളും അനുവദിക്കൽ; മിനിമം പെൻഷൻ വർദ്ധിപ്പിക്കൽ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഖാദി ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ജീവനക്കാർ ആഴ്ചയിലൊരിക്കൽ ഖാദി ധരിക്കണമെന്ന നിർദ്ദേശം നൽകുകയും ഖാദി ഉല്പന്നങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഖാദി മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്.

കാലഘട്ടത്തിനനുസൃതമായി ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ പരിഷ്ക്കരിക്കുന്നതിനും ഓൺലൈൻ മുഖാന്തിരം വിൽപ്പന നടത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണെന്ന് ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

53 (*632) പുതിയ തൊഴിലവസരങ്ങൾക്കുള്ള ധനസഹായത്തിന് പദ്ധതി

ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, വിവിധ സർക്കാർ ഏജൻസികൾ/ബാങ്കുകൾ നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് നിയോഗിച്ച ടാസ്ക് ഫോഴ്സിന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നതാധികാര സമിതിയും വിവിധ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിൽ എട്ട് ഉപസമിതികളും രൂപീകരിക്കുകയും പുതിയ സംരംഭകർക്കായി ഒരു ദൗത്യം ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സർക്കാർ ഏജൻസികളുടെയും ബാങ്കുകളുടെയും പദ്ധതികൾ ഏകോപിപ്പിച്ച് സംരംഭങ്ങൾ തുടങ്ങുന്നതിനും പ്രചരണത്തിലൂടെ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും

സഹായം നൽകുക; പ്രോജക്ട് തയ്യാറാക്കുക; ധനകാര്യ വിപണന സ്രോതസ്സുകളുമായി സംരംഭകരെ ബന്ധിപ്പിക്കുക; സാങ്കേതിക സഹായവും പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ അനുബന്ധ ഘടകങ്ങളും ലഭ്യമാക്കുക; തൊഴിലും തൊഴിൽ സംരംഭങ്ങളും സൃഷ്ടിക്കുന്നതിനുള്ള ഏകോപിത സംവിധാനമായി പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത പദ്ധതി രൂപീകരിച്ചിട്ടുള്ളത്; പദ്ധതി പ്രവർത്തനം 2015 ആഗസ്റ്റ് മാസത്തോടെ ആരംഭിക്കുന്നതാണ്. ഹൈസ്കൂൾ തലം മുതൽ പാഠ്യപദ്ധതിയിൽ സംരംഭകത്വ പരിശീലനം ഉൾപ്പെടുത്തുന്ന കാര്യത്തിന്മേൽ വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്. അന്തർദേശീയ നിലവാരത്തിൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടെ അക്കാഡമി ഫോർ സ്കിൽ ഡെവലപ്മെന്റ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. തൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ ജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് YES പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും ഗൾഫിൽ നിന്നും മടങ്ങുന്നവർക്ക് വ്യവസായ സംരംഭം ആരംഭിക്കുന്നതിന് നോർക്ക, വ്യവസായ വകുപ്പുകൾ

സംയുക്തമായി വായ്പാ സൗകര്യം ഉൾപ്പെടെ നൽകിവരുന്നുണ്ടെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി വ്യക്തമാക്കി.

**അടിയന്തര ചോദ്യം**

ഹയർ സെക്കന്ററി ടീച്ചേഴ്സ് ഹാന്റ് ബുക്ക് അച്ചടി

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) നൽകിയ മറുപടിയിൽ, ഹയർ സെക്കന്ററി ടീച്ചർമാർക്കുള്ള ഹാന്റ് ബുക്ക് അച്ചടിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായെന്നും ടെണ്ടർ ഇവാലുവേഷൻ കമ്മിറ്റിയുടെ പരിശോധന ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾക്കുശേഷമാണ് M/s മണിപ്പാൽ ടെക്നോളജി ലിമിറ്റഡിന് പ്രിന്റ് ഓർഡർ നൽകിയിട്ടുള്ളതെന്നും സഭയെ അറിയിച്ചു. 2014-15-ലെ ഹയർ സെക്കന്ററി പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ ലംഘിച്ചതിനാലാണ് കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s സോളാർ ഓഫ്സെറ്റ് പ്രിന്റേഴ്സിനെ അയോഗ്യരാക്കിയിട്ടുള്ളത്. വർക്ക് ഓർഡർ പ്രകാരമുള്ള കോപ്പികൾ വിതരണത്തിനായി 14 ജില്ലാ കേന്ദ്രങ്ങളിലും ഭാഗികമായി എത്തിച്ചിട്ടുണ്ടെന്നും കവർ ഡിസൈനിലുണ്ടായ തിരുത്തൽ കാരണമാണ് പ്രിന്റിംഗ് തീരുന്നതിന്

രണ്ട് ദിവസത്തെ കാലതാമസമുണ്ടായതെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5805 മുതൽ 5953 വരെയുള്ള ചോദ്യങ്ങളിൽ 53 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *